## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3202 — 21.08.2017-ൽ മറുപടിയ്ക്ക്

## പൗരാണിക രേഖകൾ സംരക്ഷിക്കുന്നതിനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. ഡി. കെ. മുരളി<br>ശ്രീ. എൻ. വിജയൻ പിള്ള: | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി** |
| (എ) വിലപ്പെട്ട പൗരാണിക രേഖകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) കേരളത്തിലെ അപൂർവ്വമായ പൗരാണിക രേഖകൾ ചരിത്രരേഖാനയ തീരുമാനപ്രകാരം വകുപ്പ് ഏറ്റെടുക്കുകയും അവയുടെ ശാസ്ത്രീയമായ രേഖാ മാനേജ്മെന്റും കൺസർവേഷനും നടത്തി സൂക്ഷിക്കുകയും ചെയ്യുന്നു. ചരിത്ര രേഖകളുടെ സംരക്ഷണത്തിനായി ഫ്യൂമിഗേഷൻ, മെന്റിംഗ്, ബയന്റിംഗ്, ഡിജിറ്റൈസേഷൻ എന്നീ നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. ചരിത്ര രേഖകളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനായി ചരിത്ര പ്രദർശനം, ചരിത്ര ക്വിസ്, ഹെറിറ്റേജ് ക്ലബ്ബുകൾ, ഹെറിറ്റേജ് അവാർഡ്, ഹെറിറ്റേജ് പഠനയാത്ര, ഹെറിറ്റേജ് ക്യാമ്പുകൾ, ഹെറിറ്റേജ് ഗ്രാൻഡ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പൊതുജനങ്ങൾക്ക് പൈതൃക അവബോധം വളർത്തുന്നതിനായി ചരിത്ര പ്രദർശനങ്ങൾ, ലോകപൈതൃക ദിനാഘോഷം, ഡോക്യുമെന്ററി പ്രദർശനങ്ങൾ, അന്താരാഷ്ട്ര ആർക്കൈവ്സ് വാരാഘോഷം, പൈതൃക മേളകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി, സംസ്ഥാന ആർക്കൈവ്സ് വകുപ്പിൽ കമ്മ്യൂണിറ്റി ആർക്കൈവ്സ് രൂപീകരിച്ച്, തദ്ദേശീയമായ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ള അമൂല്യ രേഖകൾ പരിശോധിച്ച് ഏറ്റെടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) ഉണ്ട്. പദ്ധതിയുടെ ഭാഗമായി മഹാകവി കുമാരനാശാന്റെ കൈയെഴുത്ത് രേഖകൾ, തിരുവനന്തപുരം ജില്ലയിലെ വിനോബാ നികേതനിലെ ഗാന്ധിജിയുടെ കൈയെഴുത്ത് രേഖകൾ, പയ്യന്നൂർ ശ്രീനാരായണ ആശ്രമം, കൊല്ലം ബിഷപ്പ് ഹൗസ് രേഖകൾ, മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് മനയിലെ രേഖകൾ, വയനാട് ജില്ലയിലെ 'പുഴമുടി തറവാട് രേഖകൾ' എന്നിവ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) താളിയോല രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പുരാരേഖ വകപ്പിലെ താളിയോല രേഖകൾ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഉണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

Indhu

**സെക്ഷൻ ഓഫീസർ**